623916/2023/INWARD TC

I/5952449/2023

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

ഗതാഗത(ബി) വകുപ്പ്

നമ്പർ. ബി1/265/2023-ഗതാ. 17-11-2023,തിരുവനന്തപുരം

സെക്രട്ടറി

1. ഗതാഗത കമ്മീഷണർ, തിരുവനന്തപുരം.
2. ചെയർമാൻ, ഡോ. രവി രാമൻ കമ്മിറ്റി (ഗതാഗത കമ്മീഷണർ മുഖേന)
3. ശ്രീ. ലോറൻസ് ബാബു, ചെയർമാൻ, ബസുടമ സംയുക്ത സമിതി, ആനന്ദവല്ലീശ്വരം, കൊല്ലം-691009.
4. വിവിധ സംഘടനാ ഭാരവാഹികൾക്ക് (ഗതാഗത കമ്മീഷണർ മുഖേന)

സർ,

വിഷയം:- ഗതാഗത വകുപ്പ്- ബസുടമ സംയുക്ത സമിതി സംഘടനാ ഭാരവാഹികളുമായി 14/11/2023-ന് എറണാകുളം ഗവ. ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗം- നടപടിക്രമം ലഭ്യമാക്കുന്നത്- സംബന്ധിച്ച്.

മേൽ വിഷയത്തിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ബഹു.ഗതാഗത വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബസുടമ സംയുക്ത സമിതി സംഘടനാ ഭാരവാഹികളുമായി 14/11/2023-ന് രാവിലെ 11 മണിയ്ക്ക് എറണാകുളം ഗവ. ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിന്റെ നടപടിക്രമം അറിവിലേക്കും അടിയന്തര തുടർനടപടികൾക്കുമായി ഇതോടൊന്നിച്ച് അയക്കുന്നു.

വിശ്വസ്തതയോടെ,
ചിത്രലേഖ ആർ ജി
അണ്ടർ സെക്രട്ടറി
സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

പകർപ്പ്:

ബഹു.ഗതാഗത വകുപ്പ്മന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

ഗതാഗത വകുപ്പ് സെക്രട്ടറിയുടെ സിഎയ്ക്ക്

ബി2 സീറ്റ് (ക്രമനമ്പർ 8 പ്രകാരമുള്ള യോഗതീരുമാനത്തിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിനായി).

**ബഹു ഗതാഗത വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ എറണാകുളത്ത് ഗവ.ഗസ്റ്റ് ഹൗസിൽ 14.11.2023-ൽ നടന്ന ബസ് ഉടമ സംയുക്ത സമിതി സംഘടന ഭാരവാഹികളുടെ യോഗത്തിന്റെ നടപടിക്രമം**

രാവിലെ 11.15-ന് യോഗം ആരംഭിച്ചു.

യോഗത്തിൽ പങ്കെടുത്തവർ:

| ക്രമ നമ്പർ | പേര് | ഔദ്യോഗിക പദവി |
|---|---|---|
| 1 | ശ്രീ.എസ്.ശ്രീജിത്ത് ഐ.പി.എസ് | ട്രാൻസ്പോർട്ട് കമ്മീഷണർ |
| 2 | ശ്രീ.കെ.മനോജ് കുമാർ | ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ |
| 3 | ശ്രീ.ബി.കെ.അജിത്ത് കുമാർ | അസിസ്റ്റന്റ് സെക്രട്ടറി, സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി |
| 4 | ശ്രീമതി കെ.ടി. ഷൈമ | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് |
| 5 | ശ്രീമതി എം.എസ്.റഹമത്ത് | സീനിയർ ക്ലാർക്ക് |
| 6 | ശ്രീ.കെ.എ.നജീബ് | കെ.ബി.ടി.എ എറണാകുളം ജില്ലാ കമ്മിറ്റി |
| 7 | ശ്രീ.എം.എസ്.പ്രേംകുമാർ | ബസ്സ് ഓപ്പറേറ്റേഴ്സ് ഫെഡറേഷൻ |
| 8 | ശ്രീ.എം.ഗോകുൽദാസ് | കെ.ബി.ടി.എ ജനറൽ സെക്രട്ടറി |
| 9 | ശ്രീ.ടി.ഗോപിനാഥ് | ബസ്സ് ഓപ്പറേറ്റേഴ്സ് ഓർഗനൈസേഷൻ |
| 10 | ശ്രീ.ലോറൻസ് ബാബു | കെ.എസ്.പി.ബി.ഒ.എഫ് |
| 11 | ശ്രീ.പി.കെ.മൂസ്സ | എ.കെ.ബി.ഒ.ഒ പ്രസിഡന്റ് |
| 12 | ശ്രീ.എ.എം.നൗഷാദ് | കെ.ബി.ഒ.എഫ് പ്രസിഡന്റ് |
| 13 | ശ്രീ.ജോൺസൺ പടമാടൻ | കെ.ബി.ടി.എ പ്രസിഡന്റ് |
| 14 | ശ്രീ.സി.എം.ജയാനന്ദ് | കെ.ബി.ഒ.എഫ് ട്രഷറർ |
| 15 | ശ്രീ.സി.കെ.റഫീക്ക് | കെ.ബി.ടി.എ |
| 16 | ശ്രീ.കെ.വി.വിബിൻ | എ.കെ.ബി.ഒ.ഒ |
| 17 | ശ്രീ.വിദ്യാധരൻ | എ.കെ.ബി.ഒ.ഒ |
| 18 | ശ്രീ.കെ.ബി സുനീർ | ജോയിന്റ് സെക്രട്ടറി, പി.ബി.ഒ.എഫ് |
| 19 | ശ്രീ.യൂനസ് അലി | കെ.ബി.ടി.എ സ്റ്റേറ്റ് കമ്മിറ്റി മെമ്പർ |
| 20 | ശ്രീ.എം.തുളസീനായർ | കെ.ഡി.ബി.ഒ.എ |
| 21 | ശ്രീ.ജോൺസൺ പയ്യാപ്പിള്ളി | സ്റ്റേറ്റ് സെക്രട്ടറി, എ.കെ.ബി.ഒ.എഫ് |
| 22 | ശ്രീ.ഡോൺടീസ് അലക്സ് | പി.ബി.ഒ.എ വൈസ് പ്രസിഡന്റ് |
| 23 | ശ്രീ.പി.കെ.ഷെയ്ദ് | |
| 24 | ശ്രീ.ലിൻസൺ ജോൺ എം. | ജനറൽ സെക്രട്ടറി, കെ.എസ്.എം.ടി.ഒ.എ |
| 25 | ശ്രീ.എം.എസ്.വർഗീസ് | ട്രഷറർ |

| | | |
|---|---|---|
| 26 | ശ്രീ.ഷിബു അട്ടോക്കാരൻ | കെ.എസ്.എം.ടി.ഒ.എ |
| 27 | ശ്രീ.വി.എ.മുഹമ്മദ് സെയ്ദ് | കെ.ബി.ടി.എ |
| 28 | ശ്രീ.ജാക്ക്സൺ | കെ.ബി.ടി.എ |
| 29 | ശ്രീ.ജോസ് | കെ.എസ്.എം.ടി. |

വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ബസ് ഉടമകൾ കഴിഞ്ഞ ഒക്ടോബർ 31-)0 തീയതിയിൽ സൂചന പണിമുടക്ക് നടത്തുകയും നവംബർ 24-)0 തീയതി മുതൽ അനിശ്ചിതകാല പണിമുടക്ക് പ്രഖ്യാപിക്കുകയും ചെയ്ത സാഹചര്യത്തിലാണ് യോഗം വിളിച്ചു ചേർത്തത് എന്നും പ്രൈവറ്റ് ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് അനുവദിച്ചുവരുന്ന ആനുകൂല്യം (Students Concession), ബസ്സുകളിൽ സീറ്റ് ബെൽറ്റ് ഘടിപ്പിക്കൽ, ക്യാമറ ഘടിപ്പിക്കൽ, പ്രൈവറ്റ് ബസ്സുകളുടെ 140 കിലോമീറ്റർ ദൂരപരിധി എന്നിവയാണ് ഇന്ന് ചർച്ച ചെയ്യാനുള്ള പ്രധാനപ്പെട്ട വിഷയങ്ങൾ എന്ന് മനസ്സിലാക്കുന്നതായി മന്ത്രി തന്റെ ആമുഖ പ്രസംഗത്തിൽ അറിയിച്ചു. ശേഷം ബസ്സ് ഉടമകളെ അവരുടെ പ്രശ്നങ്ങൾ അവതരിപ്പിക്കാൻ വേണ്ടി ശ്രീ.ലോറൻസ് ബാബു, ശ്രീ.ഗോകുൽ ദാസ്, ശ്രീ.നൗഷാദ്, ശ്രീ.ജോൺസൺ പടമാടൻ, ശ്രീ.നജീബ്.കെ.എ, ശ്രീ.ഗോപിനാഥ്, ശ്രീ.ജോൺസൺ പയ്യാപ്പള്ളി എന്നിവരാണ് സംഘടനയുടെ ഭാഗത്തുനിന്നും മുഖ്യമായും സംസാരിക്കുകയുണ്ടായി.

പ്രധാനമായും ചുവടെ പറയുന്ന ആവശ്യങ്ങളാണ് ടി പ്രതിനിധികൾ ഉന്നയിച്ചത്.

1) 140 കിലോമീറ്ററിന് മുകളിൽ പെർമിറ്റുകൾ നിലനിർത്താനുള്ള അടിയന്തിരമയ സാഹചര്യം ഉണ്ടാക്കുകയോ, കോടതിയിൽ കേസ് തീർപ്പുകൽപ്പിക്കുന്നതു വരെ താൽക്കാലിക പെർമിറ്റ് നൽകി സർവ്വീസ് നടത്താനുള്ള അനുമതി നൽകുകയോ ചെയ്യേണ്ടതാണ്. നിലവിൽ 140 കിലോമീറ്ററിന് മുകളിൽ സഞ്ചരിക്കുവാൻ പെർമിറ്റുള്ള 149 ബസ്സുകൾ മാത്രമേ ഉള്ളൂവെന്നും ഇവയ്ക്ക് താൽക്കാലിക പെർമിറ്റ് നൽകി സർവ്വീസ് പുനരാരംഭിക്കാനുള്ള അനുമതിയെങ്കിലും നൽകേണ്ടതാണ്.
2) LSOS (Limited Stop Ordinary Service) ആയി സർവ്വീസ് നടത്തുന്ന ബസ്സുകൾ ഓർഡിനറി ആയി സർവ്വീസ് നടത്തണമെന്നുള്ള തീരുമാനം പുന:പരിശോധിക്കണം. നിലവിൽ 1500-2000 ബസ്സുകളാണ് LSOS ആയി സർവ്വീസ് നടത്തുന്നത്. ഇത്തരം ബസ്സുകൾ ഓർഡിനറി ആയി സർവ്വീസ് നടത്തുമ്പോൾ ഓർഡിനറി ആയി സർവ്വീസ് നടത്തുന്ന മറ്റ് ബസ്സുകളുമായി ടൈം ക്ലാഷ് ഉണ്ടാവുകയും ആയത് ബസ്സ് ജീവനക്കാർ തമ്മിൽ പ്രശ്നങ്ങൾ ഉണ്ടാവുന്ന സാഹചര്യം ഉടലെടുക്കുകയും ചെയ്യുന്നു. ടി സാഹചര്യം ഒഴിവാക്കുന്നതിനായി LSOS-നെ അതേനിലയിൽ നിലനിർത്തണമെന്നും അഭ്യർത്ഥിച്ചു.

3) മോട്ടോർ വാഹന നിയമത്തിലോ, ചട്ടത്തിലോ നിഷ്കർഷിച്ചിട്ടില്ലാത്ത ക്യാമറ ഘടിപ്പിക്കണമെന്നുള്ള തീരുമാനം ഒഴിവാക്കുകയോ, അല്ലെങ്കിൽ ആയത് ഘടിപ്പിക്കുന്നത് എത്രുയെണ്ണം എന്നുള്ളതിൽ സ്പഷ്ടീകരണം നൽകുകയോ ചെയ്യേണ്ടതാണെന്ന ആവശ്യം ഉന്നയിച്ചു.
4) സീറ്റ് ബെൽറ്റ് നിർബന്ധമായും ഘടിപ്പിക്കണമെന്നുള്ള തീരുമാനം നടപ്പിലാക്കുന്നതിനായി സാവകാശം അനുവദിക്കണമെന്നും, ഡ്രൈവർക്ക് സമാനമായി മുൻസീറ്റിൽ ഇരിക്കുന്ന യാത്രികനും സീറ്റ് ബെൽറ്റ് നിർബന്ധമാണ് എന്നുള്ള തീരുമാനം ഒഴിവാക്കണമെന്നും അഭ്യർത്ഥിച്ചു. മിക്കവാറും മുൻസീറ്റിൽ യാത്ര ചെയ്യുന്നത് സ്ത്രീ (കൈകുഞ്ഞോടു കൂടി) യാത്രികരായിരിക്കും. ഇത്തരം യാത്രികരോട് സീറ്റ് ബെൽറ്റ് ധരിക്കാൻ നിർബന്ധിക്കുന്നത് പലപ്പോഴും പ്രായോഗികമല്ല. ഇത്തരം നിയമലംഘനങ്ങൾക്ക് ഉത്തരവാദികളായി ഫൈൻ ഒടുക്കേണ്ട് വരുന്നത് ബസ്സുടമകളാണ്. ആയതിനാൽ ഈ തീരുമാനം പുന:പരിശോധിക്കണമെന്ന് ആവശ്യപ്പെട്ടു.
5) വിദ്യാർത്ഥികളുടെ യാത്രാനിരക്കുമായി ബന്ധപ്പെട്ട് ജസ്റ്റിസ് രാമചന്ദ്രൻ കമ്മീഷന്റെ ശുപാർശ നടപ്പിലാക്കി മിനിമം ചാർജ്ജ് 1 രൂപയിൽ നിന്നും 5 രൂപയായി ഉയർത്തണമെന്നും, ബസ്സിൽ ഏകദേശം 60 ശതമാനത്തോളം യാത്രക്കാർ വിദ്യാർത്ഥികളായതിനാൽ അവരുടെ യാത്രാനിരക്കിൽ കാലോചിതമായ വർദ്ധനവ് നടപ്പിലാക്കാതെ ടി വ്യവസായം മുന്നോട്ട് കൊണ്ടുപോവാൻ സാധിക്കില്ല എന്നും അറിയിച്ചു. കൂടാതെ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ആനുകൂല്യത്തിന്റെ പ്രായപരിധി 25 വയസ്സായി നിജപ്പെടുത്തേണ്ടതാണ്.
6) പ്രൈവറ്റ് ബസ്സുകൾക്ക് പ്രത്യേക ആവശ്യങ്ങൾക്കായി സ്പെഷ്യൽ പെർമിറ്റിന് 10 ദിവസം മുൻപ് അപേക്ഷിക്കണമെന്നും, മാസത്തിൽ ഒരു സ്പെഷ്യൽ പെർമിറ്റ് മാത്രമേ അനുവദിക്കൂ എന്നുമുള്ള നിബന്ധനകൾ ഒഴിവാക്കണമെന്നും ട്രാൻസ്പോർട്ട് കമ്മീഷണറുടെ പ്രസ്തുത ഉത്തരവ് പിൻവലിക്കണമെന്നും ആവശ്യപ്പെട്ടു.

ഏകദേശം 30000ത്തോളം ബസ്സുകൾ സർവ്വീസ് നടത്തികൊണ്ടിരുന്ന ഈ മേഖലയിൽ ഇന്ന് വെറും 7000ത്തോളം ബസ്സുകൾ മാത്രമേ സർവ്വീസ് നടത്തുന്നുള്ളൂ. തുടർന്നും ഈ വ്യവസായം നിലനിന്നുപോകണമെങ്കിൽ വിദ്യാർത്ഥികളുടെ യാത്രാനിരക്ക് വർദ്ധിപ്പിക്കുന്നത് ഉൾപ്പെടെയുള്ള കാര്യത്തിൽ അനുഭാവപൂർവ്വമായ തീരുമാനം എടുക്കേണ്ടതാണെന്നുമുള്ള ആവശ്യങ്ങൾ ഉന്നയിച്ചു.

ബസ് ഉടമകളുടെ പ്രശ്നങ്ങൾ കേട്ട് ആയതിന് മറുപടിയെന്നോണം നിലവിലെ സർക്കാരിന്റെ കാലത്ത് ടി വ്യവസായം നല്ലരീതിയിൽ നിലനിർത്തികൊണ്ടുപോവുക എന്ന ലക്ഷ്യത്തോടെ ബസ്സുടമകൾക്ക് അനുകൂലമായ രീതിയിൽ തന്നെ വിവിധ തീരുമാനങ്ങൾ സർക്കാർ എടുത്തിട്ടുള്ള നിരവധി കാര്യങ്ങൾ അദ്ദേഹം ചൂണ്ടിക്കാണിച്ചു. വിദ്യാർത്ഥികളുടെ ചാർജ്ജ് നിരക്ക് കൂടി കണക്കിലെടുത്താണ് ബസ്ചാർജ്ജിൽ വർദ്ധനവ് വരുത്തിയിട്ടുള്ളതും, കോവിഡ് കാലത്തുൾപ്പെടെ പല തവണകളായി നികുതി ഇളവ് (Tax exemption) അനുവദിച്ചിട്ടുള്ളതുമാണ് എന്ന് മന്ത്രി അറിയിച്ചു.

**തീരുമാനങ്ങൾ**

1. വാഹനങ്ങളിൽ സീറ്റ് ബെൽറ്റ് ഘടിപ്പിക്കുക എന്നുള്ളത് കേന്ദ്ര സർക്കാരിന്റെ നിയമമാണ്. ആയത് സംസ്ഥാന സർക്കാരിന്റെ പരിധിയിൽ വരുന്നതല്ല. നേരെത്തെ തീരുമാനിച്ച പ്രകാരം നവംബർ 1 മുതൽ സി.എഫ് ടെസ്റ്റിനായി വാഹനം ഹാജരാക്കുന്ന മുറയ്ക്ക് സീറ്റ് ബെൽറ്റ് ഘടിപ്പിച്ചിരിക്കേണ്ടത് നിർബന്ധമാണ്. എന്നാൽ നിലവിൽ ബസ്സുകളിൽ ഘടിപ്പിച്ചിരിക്കുന്ന സീറ്റ് ബെൽറ്റുകൾക്ക് പകരം പുതിയ രീതിയിലുള്ള സീറ്റ് ബെൽറ്റുകൾ ഘടിപ്പിക്കണമെന്ന് നിഷ്കർഷിക്കുവാൻ പാടുള്ളതല്ല. ഇതിനായി ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നതാണ്.

(നടപടി: ട്രാൻസ്പോർട്ട് കമ്മീഷണർ)

2. ബസ്സുടമകൾക്കും ജീവനക്കാർക്കും ഗുണകരമാണെന്ന നിലയിലാണ് ബസ്സുകളിൽ ക്യാമറ ഘടിപ്പിക്കാനുള്ള തീരുമാനം എടുത്തത്. ബസ്സിന്റെ മുൻവശം, ഉൾവശം, പിറകുവശം എന്നിവ കാണുന്ന രീതിയിലുള്ള ക്യാമറകൾ തന്നെ (രണ്ടോ,മൂന്നോ) നിർബന്ധമായും സ്ഥാപിക്കേണ്ടതാണ്. പല കേസുകളിലും ബസ് തൊഴിലാളികൾ അനധികൃതമായി പ്രതിചേർക്കപ്പെടുന്നതിൽ നിന്നും ഒഴിവാകാനും ഇതിലൂടെ സാധിക്കുന്നതാണ്. ക്യാമറ ഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് വരുന്ന ചെലവിന്റെ പകുതിയോ അല്ലെങ്കിൽ 5000/-രൂപയോ, ഏതാണ് കുറവ് എന്നുള്ളത് വിലയിരുത്തി പ്രസ്തുത തുക കേരള റോഡ് സേഫ്റ്റി അതോറിറ്റി ഫണ്ടിൽ നിന്നും അനുവദിക്കുന്നതാണ്. KSRTC ഉൾപ്പെടെയുള്ളവയിൽ നവംബർ 1 മുതൽ ഫിറ്റ്നസ് ടെസ്റ്റിന് വാഹനം ഹാജരാക്കുമ്പോൾ ക്യാമറ ഘടിപ്പിച്ചിരിക്കണമെന്ന തീരുമാനത്തിൽ മാറ്റമില്ല എന്നും മന്ത്രി അറിയിച്ചു.

3. 140 കിലോമീറ്ററിന് മുകളിലുള്ള പെർമിറ്റുമായി ബന്ധപ്പെട്ടുള്ളത് ക്യാബിനറ്റ് തലത്തിൽ എടുത്ത തീരുമാനമാണ്. മുഖ്യമന്ത്രിയുടെ വരെ ശ്രദ്ധയിൽ പെട്ട വിഷയമായതിനാൽ നിലവിൽ സർവ്വീസ് നടത്തിവരുന്ന 149 ബസ്സുകൾക്ക് ദൂരപരിധി ഇല്ലാതെ ഓടാൻ അനുവദിക്കണമെന്ന ആവശ്യം സർക്കാർ പരിശോധിക്കുന്നതാണ്.

4. KSRTC വാഹനങ്ങൾക്ക് മാത്രമായി LSOS നിജപ്പെടുത്തിയ കേരള മോട്ടോർ വാഹന ചട്ടത്തിലെ ഭേദഗതി പരിശോധിക്കാമെന്നും, നിലവിലുള്ള LSOS പെർമിറ്റുകൾ നിലനിർത്തണമെന്ന ആവശ്യം ചർച്ച ചെയ്ത് തീരുമാനിക്കും എന്നും ബഹു: മന്ത്രി അറിയിച്ചു.

5. വിദ്യാർത്ഥികളുടെ യാത്രാ ആനുകൂല്യവുമായി ബന്ധപ്പെട്ട് ഡോ.രവി രാമൻ കമ്മിറ്റി റിപ്പോർട്ട് ഡിസംബർ 31-നകം സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമായതിന് ശേഷം സർക്കാർ ഇക്കാര്യം പഠിച്ച് വിലയിരുത്തി മാത്രമേ വിദ്യാർത്ഥികളുടെ യാത്രാനിരക്ക് വർദ്ധിപ്പിക്കുന്ന വിഷയത്തിൽ തീരുമാനം എടുക്കാൻ സാധിക്കുകയുള്ളൂ. (നടപടി: ഡോ.രവി രാമൻ കമ്മിറ്റി)

6. സ്വകാര്യ ബസുകളിൽ വിദ്യാർത്ഥികൾക്ക് യാത്രാആനുകൂല്യം ലഭ്യമാവുന്ന പ്രായപരിധി 27 വയസ്സാക്കി നിജപ്പെടുത്താൻ തീരുമാനിച്ചു. പ്രസ്തുത ഉത്തരവ് ഡിസംബർ 31-നകം ഇറക്കുന്നതിനും 2024 ജനുവരി-1 മുതൽ പ്രാബല്യത്തിൽ വരുത്താനും തീരുമാനിച്ചു.

(നടപടി: ഗതാഗതവകുപ്പ്)

7. നിലവിൽ സ്വകാര്യബസുകളെ ആശ്രയിക്കുന്ന അതിദരിദ്രരുടെ കാറ്റഗറിയിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് സൗജന്യയാത്ര അനുവദിച്ചുകൊണ്ടുള്ള സർക്കാർ തീരുമാനം ബസ്സുടമകൾ അംഗീകരിച്ചു.

8. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് കോർപ്പറേഷനുകളിൽ സർവ്വീസ് നടത്തിവരുന്ന 15 വർഷം കഴിഞ്ഞ KSRTC/പ്രൈവറ്റ് ഡീസൽ എഞ്ചിൻ ബസ്സുകൾ 30/01/2024നകം CNG/Electric-ലേക്ക് മാറണമെന്ന കേരള മോട്ടോർ വാഹന ചട്ടത്തിലെ നിബന്ധന 20 വർഷമായി ഉയർത്തി ഭേദഗതി ചെയ്യുന്നതാണ്.

(നടപടി: ഗതാഗതവകുപ്പ്)

യോഗം 1.45-ന് അവസാനിച്ചു.